compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2023 ഫെബ്രുവരി 21
**Tuesday, 21st February 2023**

1198 കുംഭം 9
**9th Kumbham 1198**

1944 ഫാൽഗുനം 2
**2nd Phalguna 1944**

വാല്യം 12
**Vol. XII**

നമ്പർ / **No.** 8

## Part III

## Commissionerate of Excise

©
കേരള സർക്കാർ
GOVERNMENT OF KERALA
2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Generated from eOffice by VINOD K V, XD3/EXCISE, XD3/EXCISE, EXCISE on 25/03/2023 11:19 AM

**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം**

(സാന്നിദ്ധ്യം: ഡി. രാജീവ്, ഐ.ഒ.എഫ്.എസ്.)

വിഷയം:—കേരള എക്സൈസ്—ഭരണപരം—വകുപ്പ്—അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 1-7-2020 മുതൽ 30-4-2022 വരെയുള്ള കാലയളവിലെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) 24-2-2021-ലെ എഫ്1/260/2020/നി.വ. നമ്പർ സർക്കാർ കത്ത്.

(2) 15-5-2021-ലെ എക്സ്.ഡി3/248635/2020 നമ്പർ ഉത്തരവ്.

(3) 19-5-2022-ലെ എഫ്1/111/2022/നി.വ. നമ്പർ സർക്കാർ കത്ത്.

(4) 22-6-2022-ലെ എക്സ്.ഡി3/248635/2020 നമ്പർ ഉത്തരവ്.

(5) 22-7-2022-ലെ ഇ.എക്സ്.സി/2402/2022/എക്സ്.ഡി3 നമ്പർ ഉത്തരവ്.

(6) 31-8-2022-ലെ ഇ.എക്സ്.സി/1074/2016 എക്സ്.ഡി3 നമ്പർ ഉത്തരവ്.

(7) 19-10-2022-ലെ എഫ്1/272/2022 നി.വ. നമ്പർ സർക്കാർ കത്ത്.

(8) 10-11-2022-ലെ എക്സ്.ഡി3/248635/2020 നമ്പർ ഉത്തരവ്.

(9) 16-11-2022-ലെ എക്സ്.ഡി3/248635/2020 നമ്പർ ഉത്തരവ്.

(10) 18-11-2022-ലെ എക്സ്.ഡി3/248635/2020 നമ്പർ ഉത്തരവ്.

(11) 22-12-2022-ലെ ഇ.എക്സ്.സി/2402/2022/എക്സ്.ഡി3 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ.എക്സ്.സി/2402/2022/എക്സ്.ഡി3 തീയതി 4-2-2023**

എക്സൈസ് വകുപ്പിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 1-7-2020 മുതൽ 30-4-2022 വരെയുള്ള കാലയളവിലെ പുനഃക്രമീകരിച്ച കരട് സീനിയോറിറ്റി ലിസ്റ്റ് പരാമർശം (11) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടറായ ശ്രീ. ജോസഫ്, ജെ. പരാതി സമർപ്പിക്കുകയുണ്ടായി. പരാതിക്കാരന്റെ ആവശ്യം പരിഗണിച്ച് 12-1-2023-ൽ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

2. ശ്രീ. ജോസഫ്, ജെ.-ക്ക് 4-2-2009-ാം തീയതിയിൽ പ്രിവന്റീവ് ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതാണെന്നും ടിയാന് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച തീയതി പ്രാബല്യത്തിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ 1-7-2020 മുതൽ 30-4-2022 വരെയുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാനെ ഉൾപ്പെടുത്തണമെന്നും അപേക്ഷിക്കുകയുണ്ടായി.

3. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീ. ജോസഫിന് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റമാണ് ലഭിച്ചതെന്ന് കാണുന്നു. KS&SSR ഭാഗം II, ചട്ടം 31(a)(i) പ്രകാരം ഒരു തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ചയാൾക്ക്, താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച തീയതി പ്രാബല്യം ഭാവിയിൽ പ്രസ്തുത തസ്തികയിലേക്ക് റഗുലർ ഉദ്യോഗക്കയറ്റം ലഭിക്കുന്ന വേളയിൽ അവകാശവാദമുന്നയിക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ലായെന്ന് പ്രസ്തുത ചട്ടത്തിന് താഴെയുള്ള ഉപചട്ടം (d)-യിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് എക്സൈസ് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ കെ.എസ്.ആന്റ്.എസ്.എസ്.ആർ. ഭാഗം II, ചട്ടം 31(a)(i) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച സിവിൽ എക്സൈസ് ഓഫീസർമാരുടെ സീനിയോറിറ്റി, എക്സൈസ് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ ഉണ്ടാകുന്ന അർഹമായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ റഗുലറൈസ് ചെയ്യപ്പെട്ട തീയതി പ്രാബല്യത്തിലാണ് നിർണ്ണയിക്കേണ്ടത്. എന്നാൽ പി.എസ്.സി. വഴി നേരിട്ട് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ചവരുടെ സീനിയോറിറ്റി പി.എസ്.സി. ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ. ഇക്കാര്യം കെ.എസ്.ആന്റ്.എസ്.എസ്.ആർ. ഭാഗം II, ചട്ടം 27(c)-യിൽ പരാമർശിച്ചിട്ടുള്ളതാണ്.


This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Generated from eOffice by VINOD K V, XD3 EXCISE, XD3 EXCISE, EXCISE on 25/03/2023 11:19 AM